8. മെസ്സിലേയ്ക്കാവശ്യമായ പാത്രങ്ങൾ വാങ്ങിനൽകി.

9. കിച്ചണിലേക്കാവശ്യമായ വിറകുകൾ സൂക്ഷിക്കുന്നതിനുള്ള വിറകുപുര നിർമ്മിച്ചു.

മുകളിൽ പറഞ്ഞതുൾപ്പെടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. സ്കൂൾ അധികൃതരിൽനിന്നും സർക്കാരിന് നിവേദനമൊന്നും ലഭിച്ചിട്ടില്ല.

അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണം

141 (2960) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മത്സ്യത്തൊഴിലാളികൾക്ക് വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി ധനസഹായം നൽകി ; ധനസഹായം ലഭിച്ചത് ആർക്കെല്ലാം ; പേരും വിലാസവും വിശദമാക്കി പട്ടിക ലഭ്യമാക്കുമോ ;

(ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഭവന രഹിതമായ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടെന്നും, അവർ ആരെല്ലാമെന്നും പേര്, വിലാസം എന്നിവ വിശദമാക്കി പട്ടിക ലഭ്യമാക്കുമോ ;

(സി) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് ; വ്യക്തമാക്കാമോ ;

(ഡി) അമ്പലപ്പുഴ മണ്ഡലത്തിലെ ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഇ) മത്സ്യത്തൊഴിലാളി ഭവന പദ്ധതിയിൽ ഗുണഭോക്താക്കളുടെ എത്ര ശതമാനമാണ് സർക്കാർ ക്വാട്ടയിൽ തെരഞ്ഞെടുക്കുന്നത് ; സർക്കാർ ക്വാട്ടയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണ് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ 542 മത്സ്യത്തൊഴിലാളികൾക്ക് വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ പട്ടിക 1 അനുബന്ധം (എ) ആയിചേർത്തിട്ടുണ്ട്.*

(ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ഭവന രഹിതരായ 396 മത്സ്യത്തൊഴിലാളികൾ ഫിഷറീസ് വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായത്തിനുള്ള അർഹതാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. പട്ടിക 2 അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്.*

(സി) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (2014-15), മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി എന്നീ ഭവന നിർമ്മാണ ധനസഹായ പദ്ധതികളാണ് നിലവിലുള്ളത്.

(ഡി) സംസ്ഥാനത്തെ ഭവന രഹിതരായ 4990 മത്സ്യത്തൊഴിലാളികൾക്ക് കൂടി ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് 2015-16 സാമ്പത്തിക വർഷം 100 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കുന്നതാണ്. ടി പദ്ധതിയിൽ ആലപ്പുഴ ജില്ലയ്ക്ക് 800 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതാണ്.

(ഇ) ഓരോ ജില്ലയ്ക്കും അനുവദിക്കുന്ന യൂണിറ്റുകളുടെ 10 ശതമാനം ഗുണഭോക്താക്കളെയാണ് സർക്കാർ ക്വാട്ടയിൽ തെരഞ്ഞെടുക്കുന്നത്. സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് കൂടുതൽ ദുരിതം അനുഭവിക്കുന്നവരെയാണ് പ്രത്യേകമായി തെരഞ്ഞെടുക്കുന്നത്.

വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ സംരക്ഷണം

142 (2961) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.